## കേരള സർക്കാർ

നം.10448/ഐ.എ1/10/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
തിരുവനന്തപുരം, 7/3/2010.

### സർക്കുലർ

വിഷയം: സിഡിഎസ് തയ്യാറാക്കുന്ന കർമ്മ പദ്ധതി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2010-11 വർഷത്തെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച്.
സൂചന: 27/1/2010 ലെ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 1(6) നമ്പർ തീരുമാനം

സിഡിഎസ് തയ്യാറാക്കുന്ന കർമ്മ പദ്ധതിയിലെ വിശദാംശങ്ങൾ പ്രയോജനപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഘടക പദ്ധതികൾക്കും ഉപ പദ്ധതികൾക്കും ആവശ്യമായ പ്രോജക്ട് ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ട് നിർവ്വഹണയോഗ്യമായ പ്രോജക്ട് കളാക്കി മാറ്റണമെന്നും ഇതിനായി സിഡിഎസ് തയ്യാറാക്കുന്ന കർമ്മ പദ്ധതികൾ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2010-11 വർഷത്തെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കണമെന്നും മേൽ സൂചനപ്രകാരം തീരുമാനമായിരുന്നു. ചുവടെ പറയുന്ന മേഖലകളിൽ സിഡിഎസുകളുടേയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും കർമ്മ പദ്ധതികളുടെ സംയോജന സാധ്യത ഉള്ളതായി വിലയിരുത്തിയിട്ടുണ്ട്.

- ദാരിദ്ര്യ നിർമ്മാർജ്ജനം – സ്ത്രീ ശാക്തീകരണം – പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം– പ്രാദേശിക സാമ്പത്തിക വികസനം– –
  - സംരംഭ താല്പര്യം പ്രകടിപ്പിച്ചവരുടെ എണ്ണം
  - സംരംഭകത്വ പരിശീലനം ആവശ്യമുള്ളവരുടെ എണ്ണം
  - വൈദഗ്ദ്ധ്യ പരിശീലനം ആവശ്യമുള്ളവരുടെ എണ്ണം
  - തുടർ സഹായം ആവശ്യമുള്ള സംരംഭകരുടെ എണ്ണം
  - വിപണി സഹായം ആവശ്യമുള്ള സംരംഭകരുടെ എണ്ണം
  - വിപണന കേന്ദ്രങ്ങൾ (സാധ്യമായ ചന്തകളുടെ വിവരം)
  - മേൽപറഞ്ഞ സഹായങ്ങൾ ആവശ്യമുള്ള പട്ടിക ജാതി / പട്ടിക വർഗ്ഗക്കാരുടെ എണ്ണം

- സംഘ കൃഷി
    - കൃഷി സംരംഭമാക്കാൻ താല്പര്യമുള്ളവരുടെ എണ്ണം
    - കൃഷി സാധ്യമായ ഭൂമിയുടെ അളവ്
    - കൃഷി സാധ്യമായ തരിശു ഭൂമിയുടെ അളവ്
    - കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾ
    - തൊഴിലുറപ്പിൽ ഉൾപ്പെടുത്താവുന്ന തരിശു ഭൂമിയുടെ വിവരം
    - ജെ.എൽ.ജി. ഗ്രൂപ്പുകളാക്കാൻ സാധ്യതയുള്ള ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ എണ്ണം
    - മേൽപറഞ്ഞ സഹായങ്ങൾ ആവശ്യമുള്ള പട്ടിക ജാതി / പട്ടിക വർഗ്ഗക്കാരുടെ എണ്ണം
- തൊഴിലുറപ്പു പദ്ധതി
    - തൊഴിലുറപ്പിൽ ഉൾപ്പെടുത്തി കൃഷി യോഗ്യമാക്കാവുന്ന തരിശുഭൂമിയുടെ വിശദാംശങ്ങൾ
    - തൊഴിൽ കാർഡ് ഇനിയും ലഭിക്കേണ്ട കുടുംബങ്ങളുടെ എണ്ണം
    - തുടർ പരിശീലനം ആവശ്യമായ മേറ്റുകളുടെ വിശദാംശങ്ങൾ
- കുട്ടികളുടെ രംഗത്തെ പ്രവർത്തനം
    - രൂപീകരിക്കാവുന്ന ബാലസഭകളുടെ എണ്ണം
    - ബാലസഭകളുടെ നേതൃത്വത്തിൽ ആവിഷ്കരിക്കുന്ന നൂതന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ
    - ബാല പഞ്ചായത്ത്, ബാലസഭകൾ വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന പരിപാടികളുടെ വിശദാംശങ്ങൾ
- ആശ്രയ
    - പാലിയേറ്റീവ് കെയർ സഹായം ആവശ്യമുള്ളവരുടെ എണ്ണം
    - സേവന പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ വിവരം (പുന: പരിശോധന പ്രോജക്ടുകളിൽ നിന്നും ലഭിക്കും)
- ബാങ്ക് ലിങ്കേജ്
    - ബാങ്ക് ലിങ്കേജ് സാധ്യതയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം
    - പലിശ സബ്സിഡി സ്കീമിൽ ചേരുന്ന അയൽക്കൂട്ടങ്ങൾ

മേൽ പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി ,ഘടക പദ്ധതി/ഉപ- പദ്ധതികളിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന തരത്തിൽ സംയോജിത പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

**ദാരിദ്ര്യനിർമ്മാർജ്ജന ഉപ-പദ്ധതി, പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപ - പദ്ധതി, പ്രാദേശിക സാമ്പത്തിക വികസന ഉപ- പദ്ധതി , ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി , വനിതാ ഘടക പദ്ധതി കളുമായുള്ള സംയോജന സാധ്യതകൾ**

ദാരിദ്ര്യ നിർമ്മാർജ്ജന ഉപ-പദ്ധതിയുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും (100 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലൂടെ

12500/- രൂപയും) + കുടുംബശ്രീ സംഘ കൃഷി, തൊഴിൽ സംരംഭങ്ങളുടെയും (8000/- - 10000/- വാർഷിക വരുമാനം) സാധ്യത പ്രാജനപ്പെടുത്തി വാർഷിക കുടുംബ വരുമാനം കുറഞ്ഞത് 20,000/- രൂപ (ഇരുപതിനായിരം മാത്രം) യെങ്കിലും ലഭിക്കാൻ സാധിക്കുന്ന വിധത്തിലുള്ള പ്രോജക്ടുകൾ ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയുടെ ഭാഗമായി രൂപം നൽകേണ്ടതാണ്. സബ്സിഡി, അടിസ്ഥാന സൗകര്യം എന്നിവയക്ക് എസ്ജിഎസ്വൈ, എസ്ജെഎസ്ആർവൈ പദ്ധതികളുമായും സംയോജിപ്പിക്കേണ്ടതാണ്.

സംഘകൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കൽ, നിലം ഒരുക്കൽ, വളം, കീടനാശിനി, വിള ഇൻഷ്വറൻസ്, വിപണന കേന്ദ്രങ്ങൾ, തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉൽപാദനമേഖലയിലെ പദ്ധതി സഹായവും, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതയും പ്രയോജനപ്പെടുത്തേണ്ടതാണ്.

മേൽ പറഞ്ഞ ആക്ഷൻ പ്ലാൻ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി പട്ടിക ജാതി, പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെയും, സ്ത്രീകളുടേയും സാമ്പത്തിക, സാമൂഹ്യ ശാക്തീകരണത്തിനുള്ള പ്രത്യേക പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. സബ്സിഡി, പരിശീലന ഘടകങ്ങൾ കുടുംബശ്രീമിഷൻ/പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പുകളുടെ പദ്ധതികളുമായും, മറ്റ് ഘടകങ്ങൾക്കാവശ്യമായ സാമ്പത്തികം തദ്ദേശഭരണ സ്ഥാപനത്തിന്റെ എസ്.സി.പി/ ടി.എസ്.പി / ഉപ - പദ്ധതി, വനിതാ ഘടക പദ്ധതികളുമായും സംയോജിപ്പിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്..

ദാരിദ്ര്യ നിർമ്മാർജ്ജന ഉപ- പദ്ധതിയുടെ ഭാഗമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, സാമ്പത്തിക ശാക്തീകരണത്തിനുമുള്ള പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിനോടൊപ്പം തന്നെ ദരിദ്ര വിഭാഗങ്ങളുടെ പ്രാഥമിക അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം, ഭക്ഷണം, ശുചിത്വ സംവിധാനം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പ്രോജക്ടുകളും തദ്ദേശഭരണ തലത്തിൽ ലഭ്യമായ സ്ഥിതി വിവരകണക്കുകളുടേയും, വിശദാംശങ്ങളുടേയും സഹായത്തോടെ ആവിഷ്കരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്

അർഹരായ എല്ലാവർക്കും സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷനുകൾ ലഭ്യമാക്കുന്നതിനും, ബിപിഎൽ കുടുംബങ്ങൾക്ക് കുറഞ്ഞ വിലയിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് പൊതു വിതരണ ശൃംഖല മുഖേന സർക്കാർ ആവിഷ്ക

രിച്ച് നടപ്പിലാക്കിവരുന്ന വിവിധ സ്കീമുകളുടേയും, പദ്ധതികളുടേയും സാധ്യത തദ്ദേശഭരണ തലത്തിലെ എല്ലാ ബിപിഎൽ കുടുംബങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തന പരിപാടിയും ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി .യുടെ ഭാഗമായി തയ്യാറാക്കേണ്ടതാണ്.

**ശിശു, വയോജന, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതിയുമായുള്ള സംയോജനം**

ബാലസഭകളിലൂടെ കുട്ടികളുടെ രംഗത്ത് ആവിഷ്കരിക്കേണ്ട പ്രവർത്തനങ്ങളും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ബാലപഞ്ചായത്ത്/ ബാല നഗരസഭാ കൗൺസിലിന്റെ പ്രത്യേക യോഗത്തിലൂടെ കുട്ടികളുടെ വിനോദ വിജ്ഞാന വികസനാവശ്യങ്ങൾ സമാഹരിക്കുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. ഇങ്ങനെ സമാഹരിക്കുന്ന വിവരങ്ങളിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുകയും, അവ പ്രോജക്ടുകളായി ശിശു വികസന പരിപാടിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

കൂടാതെ വയോജനങ്ങൾക്കുള്ള പ്രത്യേക പോഷകാഹാര പരിപാടി, പാലിയേറ്റീവ് കെയർ സഹായം, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ, ബഡ്സ് സ്കൂളിനുള്ള സഹായം – പഠന സാമഗ്രികൾ, ആരോഗ്യ പരിരക്ഷ പാക്കേജുകൾ, പോഷകാഹാര വിതരണം, ബഡ്സ് സ്കൂൾ ടീച്ചർക്കുള്ള ഹോണറേറിയം എന്നിവയ്ക്കുള്ള പ്രത്യേക പ്രോജക്ടുകളും കുടുംബശ്രീയുടെ ആശ്രയ, ബഡ്സ് പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്..

**വിലയിരുത്തൽ സമിതിയും സംയോജനവും.**

സിഡിഎസ് കർമ്മപദ്ധതിയിൽ വിവിധ വകുപ്പുകളുടേയും, ഘടക സ്ഥാപങ്ങളുടേയും, സർക്കാർ വികസന ഏജൻസികളുടേയും സംയോജന/ ഉദ്ഗ്രഥന സാധ്യത ഫലപ്രദമായി നിർണ്ണയിക്കുന്നതിന്റേയും, ഉറപ്പുവരുത്തുന്നതിന്റേയും നേതൃത്വവും ഉത്തരവാദിത്വവും കുടുംബശ്രീ വിലയിരുത്തൽ സമിതികൾക്കാണ്. ഇതിനായി സിഡിഎസ് വിലയിരുത്തൽ സമിതിയുടെ പ്രത്യേക ഏകദിന യോഗങ്ങൾ ചേരേണ്ടതാണ്. ആക്ഷൻ പ്ലാൻ അംഗീകരിക്കാൻ ചേരുന്ന വിലയിരുത്തൽ സമതി യോഗത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്

1. 29/12/2008 ലെ സ.ഉ (സാ) നം 4430/08/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ അനുശാസിച്ചിട്ടുള്ള എല്ലാ അംഗങ്ങളുടേയും പങ്കാളിത്തം

2. സിഡിഎസ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുന്ന ഓരോ ഘടകത്തെ സംബന്ധിച്ചും,/ വിഷയത്തെ സംബന്ധിച്ചും വിഷയാടിസ്ഥാനത്തിലുള്ള വിശദമായ ചർച്ചയും, സംയോജന/ സമന്വയ സാധ്യതകൾ തിട്ടപ്പെടുത്തലും
3. പ്രത്യേക പരിഗണന അനുഭവിക്കുന്ന വിഭാഗക്കാർ, എസ്ടി, എസ്സി, വിഭാഗക്കാർ, തീരദേശ ജനവിഭാഗങ്ങൾ എന്നിവർക്ക് പദ്ധതികളുടെ പ്രയോജനവും, സഹായങ്ങളും, സിഡിഎസ് ആക്ഷൻ പ്ലാനിൽ ഉൾക്കൊള്ളുന്നുണ്ടെന്ന് ഉറപ്പു വരുത്തണം
4. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി കുടുംബശ്രീ പലിശ സബ്സിഡിയുടെ പ്രയോജനം അർഹതയുള്ള എല്ലാ അയൽക്കൂട്ടങ്ങൾക്കും, സംഘകൃഷി യൂണിറ്റുകൾക്കും ലഭിക്കുന്നതിനുള്ള നടപടികൾ

**വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തം**

സിഡിഎസ് ആക്ഷൻ പ്ളാൻ പ്രയോജനപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലും, നിർദ്ദിഷ്ട ഘടക – ഉപ പദ്ധതികളിലും ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ രൂപപ്പെടുത്തുന്നതിനുള്ള നിർദേശം വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകേണ്ടതാണ്. ഇതിനായി വിലയിരുത്തൽ സമിതി ചർച്ചയുടെ ഭാഗമായി രൂപപ്പെടുന്ന സംയോജന സാധ്യത സംബന്ധിച്ച നിർദേശങ്ങളുടെ വിശദാംശങ്ങളും സിഡിഎസ് ആക്ഷൻ പ്ലാനിന്റെ പ്രസക്ത ഭാഗങ്ങളും (ഓരോ വർക്കിംഗ് ഗ്രൂപ്പിനും ആവശ്യമായ) വർക്കിംഗ് ഗ്രൂപ്പുകൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനകം കരട് പദ്ധതി തയ്യാറാക്കിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതി പരിഗണിക്കുന്ന യോഗത്തിൽ വച്ച് സിഡിഎസ് ആക്ഷൻ പ്ലാൻ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യവകുപ്പ് ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും (ജില്ലാകളക്ടർമാർക്കും)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ മാർക്കും (കുടുംബശ്രീ, എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)

എല്ലാ സിഡിഎസുകൾക്കും (കുടുംബശ്രീ, എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ ഇൻഫർമേഷൻ ആന്റ് പബ്ളിക്റിലേഷൻ വകുപ്പിന് (പത്രമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)

ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ